➪ നഷ്ടപ്പെട്ടുപോകുന്ന കൃഷിസമ്പ്രദായത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് 'കൈപ്പാട്' ➪

# ചില പരുക്കൻ ചിത്രങ്ങളിൽ പരിചിതമല്ലാത്ത ഒരു മൂന്നാർ

കാൽപനികതയിൽ പൊതിഞ്ഞുവച്ച് അവതരിപ്പിക്കുന്ന മൂന്നാറിന്റെ മറ്റൊരു വശം കാണിച്ചുതരുന്ന, ദേശീയ ചലച്ചിത്ര അവാർഡ് നേടിയ ബാബു കാമ്പ്രത്തിന്റെ 'ബിഹൈൻഡ് ദി മിസ്റ്റ്' എന്ന ഡോക്യുമെന്ററിയുടെ രാഷ്ട്രീയ വായന

■ ജോയ് തുരുത്തേൽ

പ്രകൃതിയുടെ നേർകാഴ്ചകൾക്കായി നമ്മുടെ കാഴ്ചവട്ടത്തെ അപനിർമിക്കുന്നതാണ് ബാബുകാമ്പ്രത്തിന്റെ ഡോക്യുമെന്ററികൾ. നമ്മുടെ ചുറ്റുവട്ടത്തെ ജൈവ സൂക്ഷ്മതകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുകയും അവിടത്തെ സ്വാഭാവിക പ്രകൃതിദൃശ്യങ്ങൾകൊണ്ട് തന്നെ പ്രേക്ഷകർക്ക് ദൃശ്യവിരുന്നൊരുക്കുന്നതുമാണ് അദ്ദേഹത്തിന്റെ ഡോക്യുമെന്ററികളുടെ സൗന്ദര്യലോകം. ഡോക്യുമെന്ററിയുടെ ദൃശ്യഭാഷ വിരസവും പരുക്കനുമാണെന്ന പതിവിനെ തിരുത്തുകയാണ് ബാബു കാമ്പ്രത്ത്. 'കാനം', 'കൈപ്പാട്', ഇക്കഴിഞ്ഞ ദേശീയ ചലച്ചിത്ര പുരസ്കാര പട്ടികയിൽ സാമൂഹ്യ പ്രസക്തമായ മികച്ച നോൺഫീച്ചർ ഫിലിമിനുള്ള പുരസ്കാരം നേടിയ 'മഞ്ഞുമറയ്ക്കപ്പുറം' (behind the mist) എന്നിവയെല്ലാം വിഷയങ്ങളുടെ പ്രസക്തി കൊണ്ടും ദൃശ്യപരിചരണത്തിലെ വ്യത്യസ്തത കൊണ്ടും ശ്രദ്ധേയമാണ്.

**കാനവും കൈപ്പാടും**

നമ്മുടെ ആവാസവ്യവസ്ഥയിൽ ജീവജാലങ്ങളുടെ അതിസൂക്ഷ്മമായ ജൈവപ്രവർത്തനങ്ങളുടെ നടത്തിപ്പ് കാണിച്ചുതരുന്നതിലൂടെ നമ്മുടെ പാരിസ്ഥിതിക അവബോധത്തെ തൊട്ടുണർത്തുകയാണ് ബാബുവിന്റെ 'കാനം' എന്ന ആദ്യ ചിത്രം. മനുഷ്യ സംസ്കൃതിയോളം പഴക്കമുള്ള കാർഷിക സംസ്ക്കാരത്തെയും നമുക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്ന കൃഷിസമ്പ്രദായത്തേയും കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് 'കൈപ്പാട്'. കൃഷിയിടവും,കൃഷിക്കാരനും,ജലവും സസ്യജാലങ്ങളും കണ്ണൂരിന്റെ സവിശേഷമായ കണ്ടൽകാടും,മത്സ്യവും മണ്ണിരയും വിവിധയിനം പക്ഷികളും അവയുടെ ഭക്ഷണമായിമാറുന്ന മണ്ണിന്റെ ഉറ്റബന്ധുക്കളായ സൂക്ഷ്മജീവികളും എല്ലാം പരസ്പര ബന്ധത്തിലൂടെ നമ്മുടെ ജൈവഘടനയെ എങ്ങനെ പരിപോഷിപ്പിച്ചിരുന്നുവെന്ന് നമുക്ക് അത് കാട്ടിതരുന്നു.

പ്രകൃതിക്ക് മുറിവേൽപ്പിക്കാത്ത കൃഷിയും മത്സ്യബന്ധനവുമാണ് 'കൈപ്പാട്' ദൃശ്യവൽകരിക്കുന്നത്. കൃഷിയും മനുഷ്യനും ജൈവസമൃദ്ധിയും തമ്മിലുള്ള പാരസ്പര്യം തന്നെയാണ് ഇവിടെയും. രാസവളങ്ങളാൽ മണ്ണിന്റെ മരണവും ഭക്ഷ്യോത്പാദന

ത്തിന്റെ വാണിജ്യവത്ക്കരണവുംകൊണ്ട് പ്രകൃതിയും ജീവനും വെല്ലുവിളിക്കപ്പെടുന്ന സമയത്ത് ഈ ചിത്രം പേറുന്നത് നമ്മുടെ ഉത്കണ്ഠകളാണ്. ഗോവ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ വസുധ അവാർഡിലൂടെയും ഈ ചിത്രം ദേശീയ ശ്രദ്ധ നേടിയിരുന്നു.

## ഹൈറേഞ്ചിലെത്തിയ ക്യാമറ

കണ്ണൂരിലെ ചെങ്കൽ നിലവും സസ്യ/ജല സമൃദ്ധിയുടെ ഇടനാടുമായിരുന്നു 'കാന്'ത്തിന്റെ ഭൂമികയെങ്കിൽ കൃഷിയും ചെമ്മീൻ കെട്ടും സമന്വയിക്കുന്ന കണ്ണൂർ ജില്ലയിലെ കൈപ്പാട് നിലങ്ങളായിരുന്നു 'കൈപ്പാടി'നെ സാക്ഷാത്ക്കരിച്ചത്. ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ് അവസാന ചിത്രമായ 'മഞ്ഞുമറയ്ക്കപ്പുറം'. ഇടനാടും,സമതലങ്ങളും കടന്ന് ബാബുകാമ്പ്രത്തിന്റെ ക്യാമറ ഹൈറേഞ്ചിലെത്തുമ്പോൾ യാഥാർത്ഥ്യത്തിന്റെ പരുക്കൻ നിലങ്ങളാണ് സൂം ഇൻ ചെയ്യപ്പെടുന്നത്.

വിദേശികളും,സ്വദേശികളുമായ തേയില തോട്ട ഉടമകൾ കാലങ്ങളായി വളർത്തി, നിലനിർത്തി കൊണ്ടുപോവുന്ന ഒരു അടിമ ജീവിതക്രമത്തിന്റെ അദൃശ്യമായ സമസ്യകളാണ് ചിത്രം പകർത്തുന്നത്. സാമൂഹികമായ മറ്റൊരു പരിപ്രേക്ഷ്യത്തിലാണ് ഇവിടെ മൂന്നാറിനെ സമീപിച്ചിരിക്കുന്നത്

ലോകമെമ്പാടുമുള്ള പ്രകൃതി സൌന്ദര്യാരാധകരുടെ പറുദീസയായി മൂന്നാറിനെ നമുക്ക് അറിയാം. എന്നാൽ 'ബിഹൈൻഡ് ദി മിസ്റ്റ്' പറയുന്നത് നമുക്ക് സുപരിചിതമായ ഈ മൂന്നാറിന്റെ കഥയല്ല. പുറംലോകം അധികമറിയാത്ത വ്യത്യസ്തമായ മറ്റൊരു ആഖ്യാന കോണിലൂടെയാണ് മൂന്നാർ ദൃശ്യവൽകരിക്കപ്പെടുന്നത്. വിദേശികളും, സ്വദേശികളുമായ തേയിലത്തോട്ട ഉടമകൾ കാലങ്ങളായി വളർത്തി, നിലനിർത്തി കൊണ്ടുപോവുന്ന ഒരു അടിമ ജീവിതക്രമത്തിന്റെ അദൃശ്യമായ സമസ്യകളാണ് ചിത്രം പകർത്തുന്നത്. സാമൂഹികമായ മറ്റൊരു പരിപ്രേക്ഷ്യത്തിലാണ് ഇവിടെ മൂന്നാറിനെ സമീപിച്ചിരിക്കുന്നത്.

## കാൽപ്പനികതയ്ക്ക് അപ്പുറം

എന്താണ് നമുക്ക് സുപരിചിതമായ മൂന്നാർ? അത്യപൂർവ്വമായ കാലാവസ്ഥ വൈജാത്യത്തിന്റെ ഭൂമികയാണത്. നമ്മുടെ ടൂറിസ്റ്റ് കണ്ണുകൾക്ക് വിസ്മയം തീർക്കുന്ന ദേശം. പ്രകൃതിയുടെ രചനാ കുശലതയുടെ കുളിർമയാർന്ന അനുഭവം. തേയില പച്ചയുടെ അലങ്കാരവും നൂൽമഴയും,കോടമഞ്ഞും എല്ലാം ചേർന്നാണ് കാലങ്ങളായി മൂന്നാറിനെ ആഖ്യാനവൽക്കരിച്ചത്. കാൽപ്പനികതയുടെ മൂടൽമഞ്ഞിലാണ് അതിന്റെ നിലനിൽപ്പ്. ഇസബെല്ലയെന്ന ആംഗലേയ സുന്ദരിക്ക് ഈ ഭൂമി അന്ത്യവിശ്രമം കൊള്ളാനുള്ള ഇടമായിരുന്നു. കാൽപ്പനികമായ ഇത്തരം അനേകം അനേകം മിത്തുകൾ ചേർന്നാണ് ഇന്ന് നാമറിയുന്ന മൂന്നാർ എന്ന സങ്കൽപ്പം രൂപം കൊള്ളുന്നത്. ഒരു മധ്യകാല യൂറോപ്യൻ സ്പർശമായിരുന്നു ആ സൗന്ദര്യവൽകരണത്തിന്.

എന്നാൽ ഇംഗ്ലീഷുകാർ അവർക്കുവേണ്ടി തീർത്ത കാൽപ്പനികതയുടെ ഈ മൂന്നാർ മഞ്ഞുമറയ്ക്കപ്പുറം അടിമത്തത്തിന്റെ, ദുരിതങ്ങളുടെ, കൊടും കയ്പ്പിന്റെ ഒട്ടും രമണീയമല്ലാത്ത മറ്റൊരു ലോകമുണ്ട്. ചായത്തോട്ട വ്യവസായം നിലനിൽക്കുന്നത് കണ്ണീരുവീണ ഈ യാഥാർത്ഥ്യങ്ങളിലാണ്. ഈ പരുക്കൻ യാഥാർത്ഥ്യങ്ങളാണ് ഒട്ടും അതിശയോക്തിയില്ലാതെ, ഇത്തരം വിഷയങ്ങൾക്ക് സഹജമായ വികാര വിക്ഷുബ്ധതയുടെ പുറന്തോടില്ലാതെ, ആഴത്തിൽ, പക്വമായി 'ബിഹയിന്റ് ദ മിസ്റ്റ്' അനാവരണം ചെയ്യുന്നത്.

## ആദിമജനതയുടെ ആത്മഗതം

ഇംഗ്ലീഷുകാരുടെ സുഗന്ധവ്യഞ്ജന പ്രേമമാണ് കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലേക്ക് അവരെ അടുപ്പിച്ചത്. 1877ൽ ജോൺ ഡാനിയേൽ മൺട്രോ സായിപ്പാണ് മൂന്നാറിൽ പ്ലാന്റേഷൻ വ്യവസായത്തിന് ആരംഭം കുറിച്ചത്. പൂഞ്ഞാർ രാജകുടുംബത്തിൽ നിന്നും ഇംഗ്ലീഷുകാർ കൈവശപ്പെടുത്തിയതായിട്ടാണ് മൂന്നാർ കണ്ണൻ ദേവൻ മലനിരകളുടെ നാമറിയുന്ന ചരിത്രം.

എന്നാൽ മറ്റൊരു ചരിത്രം കൂടി അതിനുണ്ടെന്ന് ബാബു വ്യക്തമാക്കുന്നു. അത് അധിനിവേശത്തിന്റെ ചരിത്രമാണ്. ആദിമജനതയുടെ കൊടും പലായനങ്ങളുടെ ചരിത്രമാണ്. ഈ മലനിരകളിൽ അധിവസിച്ചിരുന്ന ആദിവാസി ജനതയായ മുതുവാൻമാർ ചരിത്രത്തിൽ ഇല്ലാതായതിന്റെ ചരിത്രം കൂടിയാണത്. മുതുവാൻമാർ അവരുടെ ആവാസ കേന്ദ്രങ്ങളിൽ നിന്ന് പുറത്താകുന്നു. ചായത്തോട്ടങ്ങളും മുതലാളിമാരും കൈയേറ്റക്കാരും അവിടെ സ്ഥിരമാകുന്നു.

*➪ സിയാറ്റിൽ മൂപ്പന്റെ ആത്മഗതങ്ങളുടെ അതേ ചൂടുണ്ട് ഈ ആത്മകഥനത്തിനും ➪*



റെഡ് ഇന്ത്യക്കാർക്കുണ്ടായ അതേ ദുരനുഭവം തന്നെയായിരുന്നു മൂന്നാറിലെ മുതുവാൻമാർക്കും. അധിനിവേശം ഉൾക്കാടുകളിലേക്ക് തള്ളിത്തള്ളി നീക്കിയ മുതുവാൻമാർ അവിടെയും ഇടമില്ലാതെ കാടിറങ്ങി, കൈയേറ്റക്കാരുടെ തോട്ടങ്ങളിൽ അടിമവേല ചെയ്യേണ്ട ഗതികേടിലാണ്.

കാട്ടുമൃഗങ്ങൾക്കും മുതുവാനും ഇന്ന് കാട്ടിലിടമില്ല. അവർ വഴി മുട്ടിനിൽക്കുകയാണ്. ഈ ഗത്യന്തരമില്ലായ്മ ബാബു പകർത്തുന്നുണ്ട്, മുതുവാൻമാരുടെ മൂപ്പന്റെ ആത്മഗതങ്ങളിലൂടെ. സിയാറ്റിൽ മൂപ്പന്റെ ആത്മഗതങ്ങളുടെ അതേ ചൂടുണ്ട് ഈ ആത്മകഥനത്തിനും.

## അടിമത്തത്തിന്റെ വഴികൾ

മധുരയിലേക്കും മറ്റും നീളുന്ന പ്രാചീനവും നവീനവുമായ പാതകൾ മൂന്നാറിൽ നിന്നുമുണ്ട്.ഈ പാതകളിലൂടെയാണ് ഒന്നര നൂററാണ്ടുകൾമുമ്പ് തമിഴ് നാട്ടിൽനിന്ന് ജാതീയമായ അടിച്ചമർത്തലുകൾക്കു വിധേയരായ കുറേ മനുഷ്യരെ വലിയവാഗ്ദനങ്ങൾ നൽകി തോട്ടം തൊഴിലിനായി മൂന്നാറിലേക്ക് കൊണ്ടു വരുന്നത്. തേയില തോട്ടങ്ങളിൽ പണം കായ്ക്കുന്ന മരങ്ങളുണ്ടന്ന് നിരക്ഷരും സാധുക്കളുമായ തങ്ങളുടെ പൂർവ്വികരെ പറഞ്ഞ് പററിച്ചിരുന്നതായും ഈ ചിത്രത്തിൽ അവരുടെ കൊച്ചു മക്കൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, ചായത്തോട്ടങ്ങളിൽ അവരെ കാത്തിരുന്നത് കഠിനമായ രോഗങ്ങളും പ്രതികൂല കാലാവസ്ഥയും,കഠോരമായ അധ്വാനവും കൊടിയ ചൂഷണവുമായിരുന്നു. സഹികെട്ട് ഒളിച്ചോടിയവരെ തിരികെ പിടിച്ചുകൊണ്ടുവന്നു കഠിന ശിക്ഷകൾക്ക് വിധേയമാക്കുകയായിരുന്നു തോട്ടം മുതലാളിമാരും കങ്കാണികളും. ചരിത്രം മഞ്ഞുമറയ്ക്കുള്ളിലാക്കിയ ഈ ഞെട്ടിക്കുന്ന അനുഭവം ഡോക്യുമെന്ററി പറഞ്ഞുതരുന്നുണ്ട്.

## പാർപ്പിടം എന്ന കെണി

വന്ന തൊഴിലാളികൾ തിരിച്ചുപോവാതിരിക്കാൻ അടിമത്തത്തിന്റെ വലക്കണ്ണികൾ ഓരോന്നായി അവർ മുറുക്കി കൊണ്ടിരുന്നു. അതിലേറ്റവും പ്രധാനപ്പെട്ടത് പാർപ്പിടങ്ങളായിരുന്നു. വന്ന തൊഴിലാളികൾക്ക് ഇവിടെ അവർ ലയങ്ങൾ (പാർപ്പിടങ്ങൾ) നൽകി. അതിന്റെ ഉടമസ്ഥത തോട്ടം മുതലാളിമാർക്കാണ്. തൊഴിലെടുക്കുന്ന കാലത്തോളം അവർക്ക് ലയങ്ങളിൽ കഴിയാം. അത് കഴിഞ്ഞാൽ പുറത്തുപോവണം. പുറത്തുപോയാൽ, മറ്റൊരു പാർപ്പിടം കണ്ടെത്താനും സാധാരണ ജീവിതം നയിക്കാനുമുള്ള പണം ഒരിക്കലും അവർക്ക് ലഭിക്കില്ല. അത്രയ്ക്ക് തുച്ഛമായിരുന്നു വരുമാനം.

ലയം നഷ്ടപ്പെടാതിരിക്കാനുള്ള ഒരേയൊരു മാർഗം വരും തലമുറകളെ കൂടി തോട്ടത്തിൽ ജോലിക്കാരാക്കുകയാണ്. കുടുംബത്തിൽ ആരെങ്കിലും പണിക്കു പോവുന്ന കാലത്തോളം മറ്റൊരു പാർപ്പിടം തേടേ

ണ്ട ദുരവസ്ഥ ഉണ്ടാവില്ല. അതിനാൽ, ഓരോ കുടുംബങ്ങളും മക്കളെ ഇതേ ജോലിക്ക് പറഞ്ഞയക്കും. മനുഷ്യർക്കു ജീവിക്കാൻ പ്രയാസമുള്ള സാഹചര്യങ്ങളിൽ, ചില്ലിക്കാശിന് അവരുടെ ജീവിതം തലമുറകളായി തുടരും. ഇതൊരു കണ്ണിയാണ്. കാലങ്ങളിലേക്കു നീളുന്ന അടിമത്തത്തിന്റെ കണ്ണി. ചരിത്രപരമായ വിശകലനങ്ങളിലൂടെ അടിമത്തത്തിന്റെ വേരുകൾ വെളിപ്പെടുത്തുകയാണ് ഈ ചിത്രം. ബാബുവിന്റെ ക്യാമറക്കണ്ണുകൾക്ക് തിരിച്ചറിയാൻ കഴിഞ്ഞ ഞെട്ടിക്കുന്ന ഈ യാഥാർത്ഥ്യമാണ് സിനിമയെ അങ്ങേയറ്റം പ്രസക്തമാക്കുന്നത്.

മൂന്നാറിൽ മാത്രമായി വിനിമയം നടത്താനായി അടിച്ച പണം, മറ്റൊരു ചങ്ങലയായിരുന്നു. ഒരിക്കലും തോട്ടം വിട്ടുപോകാൻ കഴിയാത്ത തൊഴിലാളികളെ തടയാനുള്ള ഒരു മുൻകരുതൽ. കാലം മാറി തദ്ദേശിയ ഉടമകളിലേക്കു തോട്ട ഉടമസ്ഥത കൈമാറുകയും രാജ്യം സ്വാതന്ത്ര്യം നേടുകയും ശക്തമായ ട്രേഡ് യൂണിയനുകളും രാജ്യത്ത് ശക്തമായ തൊഴിൽ നിയമങ്ങളും നിലവിൽ വന്നിട്ടും മൂന്നാറിൽ അടിമത്തം നിലനിൽക്കുന്നത് എന്തു കൊണ്ടാണ് എന്ന ഏറെ മുനകളുള്ള ചോദ്യമാണ് ഈ ഡോക്യുമെന്ററി പൊതു മനസ്സിനു മുമ്പാകെ സമർപ്പിക്കുന്നത്.

## ചരിത്രത്തിന്റെ മറ്റൊരു മുഖം

ടൂറിസത്തിലൂടെ കൈവന്ന വിദേശ നാണ്യത്തെക്കുറിച്ചാണ് എല്ലാവരും പറയുന്നത്. ഈ പണത്തിന്റെ നാമമാത്രമായ നേട്ടമേ മൂന്നാറിനു ലഭിച്ചുള്ളൂ. എന്നാൽ മൂന്നാറിലെ തേയിലത്തോട്ടങ്ങളിൽ വർഷങ്ങളോളം അദ്ധ്വാനിച്ച് നാടിന് വിദേശനാണ്യം നേടിത്തന്ന തമിഴ് തൊഴിലാളികളുടെ ചിത്രം അതിലൊന്നും കണ്ടിട്ടില്ല. ഇവിടുത്തെ സമൃദ്ധിയിൽ നിന്നും തികച്ചും അന്യവത്ക്കരിക്കപ്പെട്ട ജീവിതമാണ് ഇവരുടേത്. ഉടമസ്ഥതയില്ലാത്ത താമസസ്ഥലങ്ങൾ.

തൊഴിൽ കാലം കഴിയുമ്പാൾ ഒഴിവായി കൊടുക്കേണ്ട ലയങ്ങൾ, അവിടെ നിന്ന് എങ്ങോട്ട് എന്നറിയാതെ പകച്ചുനിൽക്കേണ്ട റിട്ടയർമെന്റ് കാലം. തികച്ചും അരക്ഷിതമായ ചുറ്റുപാടിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ട ലയങ്ങളിലെ കുട്ടികൾക്കും സ്ത്രീകൾക്കും പറയാനുള്ള ചരിത്രത്തിൽ മൂന്നാറിന്റെ മുഖം മറ്റൊന്നാണെന്ന് ബാബു ഉറക്കെ വിളിച്ചു പറയുന്നു. പ്രകൃതിയുടെ കലവറയില്ലാത്ത സൗന്ദര്യത്തെ മൂന്നാറിലും കാമ്പ്രത്തിന്റെ ക്യാമറ വിടാതെ പിൻതുടരുന്നു. ഒരു സ്വാഭാവികവനം തോട്ടഭൂമിയായി മാറിമറിയുമ്പോൾ പ്രകൃതിയിൽ വരുന്ന മാറ്റങ്ങളും മൂന്നാറിന്റെ പാരിസ്ഥിതിക മാറ്റങ്ങളും ബാബുവിന്റെ ക്യാമറ നമ്മളെ കാട്ടിതരുന്നു.

## വാൽക്കഷണം

മൂന്നാറിനെക്കുറിച്ചുള്ള മിത്തുകളുടെ മറിച്ചിടലാണ് ഈ ചിത്രം. എന്നാൽ, ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ചിട്ടും കേരളത്തിലെ മാധ്യമങ്ങൾക്ക് അതൊന്നം മനസ്സിലായിട്ടേയില്ല. കച്ചവട സിനിമക്കാരായ നടീനടൻമാർക്കു കിട്ടിയ ജൂറി പരാമർശങ്ങളെ ആവർത്തിച്ച് ആഘോഷിച്ച മാധ്യമങ്ങൾ നോൺഫീച്ചർ ഫിലിം വിഭാഗത്തിലുള്ള ഈ യഥാർത്ഥ പുരസ്കാരത്തെ, അർഹമായ നേട്ടത്തെ കണ്ടില്ല എന്നു നടിക്കുകയായിരുന്നു. കച്ചവട സിനിമക്കാർക്കു മാത്രമായി പകുത്ത പുരസ്കാര ഇടത്തിൽ ഒരു ഡോക്യുമെന്റിക്കാരന് എന്ത് സ്ഥാനം എന്ന ചിന്തയാവാം മാധ്യമങ്ങളെ ഭരിച്ചത്.

എന്നാൽ, അവരോർക്കേണ്ട ഒരു കാര്യമുണ്ട്. ഇത്രയും മാധ്യമങ്ങൾ തലങ്ങും വിലങ്ങും ക്യാമറകളുമായും ഒ.ബി വാനുകളുമായും പാഞ്ഞു നടന്നിട്ടും കണ്ടെടുക്കാനാവാത്ത കേരളത്തിലെ അടിമത്തത്തെക്കുറിച്ചുള്ള ഞെട്ടിക്കുന്ന സ്റ്റോറിയാണ് ഈ 'സാദാ ഡോക്യുമെന്ററിക്കാരൻ' ദേശീയ ശ്രദ്ധയിൽ എത്തിച്ചത്. എത്ര കാലം കണ്ടില്ലെന്നു നടിക്കാനാവും യാഥാർത്ഥ്യങ്ങളെന്ന് ഓർമ്മിപ്പിക്കാൻ ബാബു വീണ്ടും ഡോക്യുമെന്ററികളുമായി വരട്ടെ! *(നാലാമിടം.കോം)* ■


### ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ്

കേരളീയം മാസിക 2009 മുതൽ നൽകുന്ന ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമപ്രവർത്തകർക്കും മാധ്യമപ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. അപേക്ഷർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെയും കുടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ബിജുവിന്റെ ചരമദിനമായ ജൂൺ 28ന് തൃശൂരിൽ വച്ച് 10,002 രൂപയുടെ ഫെല്ലോഷിപ്പ് നൽകും.

*ബന്ധങ്ങൾക്ക്: 9446576943, 9747062146*